# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**TIME:** 06.30 PM **DATE:** 01.12.2025

## പ്രധാനവാർത്ത

1. പാർലമെന്‍റിന്‍റെ ശീതകാല സമ്മേളനത്തിന്റെ ആദ്യ ദിവസം ഇരുസഭകളിലും പ്രതിപക്ഷ ബഹളം. ഇരുസഭകളും നാളത്തേക്ക് പിരിഞ്ഞു.

2. നാവിക ദിനാഘോഷങ്ങൾക്ക് ഒരുങ്ങി തിരുവനന്തപുരം. ശംഖുമുഖത്ത് മറ്റെന്നാൾ നടക്കുന്ന ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും.

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 50 കോടി 83 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

4. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് ഇനി 8 ദിവസം. മൂന്ന് മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ രംഗത്ത് സജീവം.

5. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് കൂടുതൽ സേവനങ്ങൾ ഉറപ്പാക്കി വനിത വികസന കോർപറേഷന്റെ മിത്ര ഹെൽപ്പ് ലൈൻ.

RNU TVPM

6. **ശബരിമലയിൽ മണ്ഡല - മകരവിളക്ക് തീർഥാടനത്തിന്റെ ആദ്യ 15 ദിവസം ദേവസ്വം ബോർഡിന്റെ വരുമാനം 92 കോടി രൂപ. അന്നദാനത്തിന് സദ്യ നൽകുന്നത് സംബന്ധിച്ച് വെള്ളിയാഴ്ച ചേരുന്ന യോഗത്തിന് ശേഷം തീരുമാനം.**

****************************

## പാർലമെന്റ് സമ്മേളനം

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന്റെ ആദ്യ ദിവസം ഇരുസഭകളിലും പ്രതിപക്ഷ ബഹളം. ലോക്സഭയും രാജ്യസഭയും നാളത്തേക്ക് പിരിഞ്ഞു. മണിപ്പൂർ ചരക്ക് സേവന നികുതി രണ്ടാം ഭേദഗതി ബിൽ ലോക്സഭ ഇന്ന് പാസാക്കി. മണിപ്പൂരിന്റെ ജിഎസ്ടി നിയന്ത്രണം കേന്ദ്രത്തിന്റെ പുതിയ ജിഎസ്ടി സ്ലാബുകൾക്ക് അനുസൃതമാക്കുന്നതിനുള്ള ബിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനാണ് അവതരിപ്പിച്ചത്. രാജ്യസഭയിൽ ജമ്മു കശ്മീരിലെ നാഷണൽ കോൺഫറൻസ് പാർട്ടിയിൽ നിന്നുള്ള മൂന്ന് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെയാണ് നടപടികൾ ആരംഭിച്ചത്. തീവ്ര വോട്ടർ പട്ടിക പരിഷ്കരണ വിഷയത്തിൽ പ്രതിപക്ഷ അംഗങ്ങൾ വാക്കൗട്ട് നടത്തി. സർക്കാർ ഈ വിഷയത്തിൽ ചർച്ചയ്ക്ക് തയ്യാറാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു. തുടർന്ന് നടപടികൾ പൂർത്തിയാക്കി സഭ നാളത്തേക്ക് പിരിയുകയായിരുന്നു.

RNUTVPM

****************************

## <u>നാവിക ദിനാഘോഷം (ഇൻട്രോ)</u>

നാവിക ദിനാഘോഷങ്ങൾക്ക് ഒരുങ്ങി തലസ്ഥാന നഗരം. തിരുവനന്തപുരം ശംഖുമുഖത്ത് മറ്റെന്നാൾ നടക്കുന്ന ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. അഭ്യാസ പ്രകടനങ്ങളുടെ ഫുൾ ഡ്രസ് റിഹേഴ്സൽ ഇന്ന് ശംഖുമുഖത്ത് നടന്നു.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.....**

**(വോയിസ്)**

നാവികസേന ദിനാഘോഷങ്ങളോടനുബന്ധിച്ച് വിമാനത്താവള പരിസരത്ത് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുയിരിക്കു ന്നതിനാൽ യാത്രകാർ നേരത്തേ എത്തിച്ചേരണം എന്ന് വിമാനത്താവള അധികൃതർ അറിയിച്ചു.

RNU TVPM

****************************

## <u>തദ്ദേശ പ്രചാരണം</u>

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് ഇനി 8 ദിവസം. മൂന്ന് മുന്നണികളും സ്വതന്ത്ര സ്ഥാനാർത്ഥികളും ഓരോ വോട്ടും ഉറപ്പിക്കാനുള്ള തീവ്രശ്രമത്തിലാണ്. റോഡ്ഷോകൾ,

വാഹനറാലികൾ, കുടുംബസംഗമങ്ങളുമായി പ്രചാരണ രംഗം ചൂടുപിടിക്കുകയാണ്. പരമ്പരാഗത രീതിക്ക് പുറമെ സമൂഹമാധ്യമങ്ങളും ഉപയോഗപ്പെടുത്തിയാണ് പ്രചാരണം. മാതൃകാ പെരുമാറ്റചട്ട ലംഘനങ്ങൾ നിരീക്ഷിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനും ശക്തമായി രംഗത്തുണ്ട്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 11 നടക്കും. സംസ്ഥാനത്താകെ 244 കേന്ദ്രങ്ങളിലായി 13 നാണ് വോട്ടെണ്ണൽ.

*****************************

## തിരഞ്ഞെടുപ്പ് - കോർപ്പറേഷൻ (ഇൻട്രോ)

RNU TVPM

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദായകർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. ഇന്ന് സംസ്ഥാനത്തെ കോർപ്പറേഷനുകളെ കുറിച്ച് മനസ്സിലാക്കാം.

**(ഹോൾഡ് വോയ്സ്......)**

സംസ്ഥാനത്ത് തിരുവനന്തപുരം , കൊല്ലം , എറണാകുളം , തൃശൂർ , കോഴിക്കോട് , കണ്ണൂർ എന്നീ 6 കോർപ്പറേഷനുകളാണ് ഉള്ളത് . ഏറ്റവും കൂടുതൽ മുനിസിപ്പാലിറ്റികൾ ഉള്ളത് എറണാകുളം ജില്ലയിലാണ് 13 മുനിസിപ്പാലിറ്റികൾ. ഏറ്റവും കുറവ് ഇടുക്കി ജില്ലയിൽ -രണ്ടു മുൻസിപ്പാലിറ്റികൾ. തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് നാലു മുനിസിപ്പാലിറ്റികളാണ്

ഉള്ളത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തദ്ദേശസ്ഥാപനങ്ങൾ ഉള്ളത് മലപ്പുറം ജില്ലയിലും ഏറ്റവും കുറവ് വയനാട്ടിലുമാണ്. മലപ്പുറത്ത് 122 തദ്ദേശസ്ഥാപനങ്ങളിലായി 2,789 വാർഡുകളും വയനാട് ജില്ലയിൽ 31 തദ്ദേശ സ്ഥാപനങ്ങളിലായി 629 വാർഡുകളും ആണ് ഉള്ളത്.

**ന്യൂസ് ഡസ്ക് ആകാശവാണി........**

****************************

## എസ്.ഐ.ആർ

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 83 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെട്ട 51 കോടി വോട്ടർമാരുടെ 99.72 ശതമാനമാണ് ഇതെന്നും കമ്മീഷൻ അറിയിച്ചു. അതെസമയം, എന്യൂമറേഷൻ ഫോമുകൾ പൂരിപ്പിച്ചു തിരികെ നൽകാനുള്ള സമയപരിധി ഈ മാസം 11 ന് അവസാനിക്കും. ഡിസംബർ 16 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

BNU TVPM

****************************

## രത്തൻ യു കേൽക്കർ

സംസ്ഥാനത്ത് തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റലൈസ്

ചെയ്ത എന്യുമറേഷൻ ഫോമുകളുടെ എണ്ണം രണ്ടു കോടി 29 ലക്ഷത്തി 81,217 ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് വിതരണം ചെയ്ത മൊത്തം ഫോമുകളുടെ 82.52 ശതമാനമാണ്. ഫോമുകൾ പൂരിപ്പിച്ചു നൽകാത്തവർ എത്രയും വേഗം ബി എൽ ഒ മാർക്ക് കൈമാറണമെന്നും അദ്ദേഹം പറഞ്ഞു.

******************************

## ഇടുക്കി - കേന്ദ്രസംഘം

ഇടുക്കി ജില്ലയിൽ എസ് ഐ ആറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉദ്യോഗസ്ഥർ വിലയിരുത്തി. തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളിൽ സംഘം സംതൃപ്തി രേഖപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു.

KNUTVPM

******************************

## എസ് ഐ ആർ പ്രചാരണ പരിപാടി

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ പ്രചാരണാർഥം സംഘടിപ്പിക്കുന്ന മെഗാ കൈറ്റ് ഫെസ്റ്റിവൽ കോഴിക്കോട് ബീച്ചിൽ നടന്നു. രാജ്യത്ത് തന്നെ ഏറ്റവും കൂടുതൽ യുവജനങ്ങൾ പങ്കെടുത്ത എസ്.ഐ.ആർ പ്രചാരണ പരിപാടിയിൽ 1000 ELC, NSS വളണ്ടിയർമാർ പങ്കാളികളായി.

*****************************

## ഗവർണർ - ലോക്ഭവൻ

ഗവർണറുടെ ഔദ്യോഗിക വസതിയായ രാജ് ഭവൻ ഇനി മുതൽ ലോക് ഭവൻ എന്ന പേരിൽ അറിയപ്പെടും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമാണ് ഈ മാറ്റം. കൊളോണിയൽ മനോഭാവത്തിൽ നിന്ന് ജനാധിപത്യ മനോഭാവത്തിലേക്കുള്ള മാറ്റമാണിതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു.

*****************************

## മിത്ര 181 ഹെൽപ്പ് ലൈൻ

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി കൂടുതൽ സേവനങ്ങൾ ഉറപ്പാക്കി വനിത വികസന കോർപറേഷന്റെ മിത്ര 181 ഹെൽപ്പ് ലൈൻ. വനിതകൾക്ക് എല്ലാ മേഖലകളിലെയും വിവരാന്വേഷണവും അത്യാവശ്യ സേവനങ്ങളും ഈ ടോൾ ഫ്രീ നമ്പറിലൂടെ 24 മണിക്കൂറും ലഭ്യമാക്കിയിരിക്കുകയാണ്. അത്യാവശ്യ ഘട്ടങ്ങളിൽ സ്ത്രീകൾ ഈ സേവനം പ്രയോജനപ്പെടുത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു.

PIU TVPM

*****************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...**

**(ബ്രേക്ക്)**

****************************

## രാഹുൽ ഈശ്വർ

രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എ യ്ക്കെതിരെ ലൈംഗിക പീഡന പരാതി നൽകിയ യുവതിയെ അപമാനിച്ചെന്ന കേസിൽ രാഹുൽ ഈശ്വറിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. തിരുവനന്തപുരം അഡീഷണൽ സി ജെഎം കോടതിയുടേതാണ് ഉത്തരവ്. രാഹുൽ ഈശ്വറിനെ, അൽപസമയത്തിനകം പൂജപ്പുര ജില്ലാ ജയിലിലേക്ക് മാറ്റും.

RNUTVPM

****************************

## വഖഫ്-സുപ്രീം കോടതി

വഖഫ് സ്വത്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജികൾ പരിഗണിക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു. വഖഫ് ട്രൈബ്യൂണലിന് മുമ്പാകെ പരിഹാരം

ലഭ്യമായതിനാൽ, ഹർജിക്കാർക്ക് ഇക്കാര്യത്തിൽ ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണെന്നും കോടതി വ്യക്തമാക്കി. ഉമീദ് പോർട്ടലിൽ വഖഫ് സ്വത്തുക്കൾ രജിസ്റ്റർ ചെയ്യാനുള്ള കാലാവധി ഈ മാസം 6 ന് അവസാനിക്കാനിരിക്കെയാണ് പരമോന്നത കോടതിയുടെ നിർദേശം.

******************************

## എയ്ഡ്സ് ദിനാചരണ പരിപാടി

ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ചാവറ കൾച്ചറൽ സെൻററിൽ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന നിർവ്വഹിച്ചു.

RNUTVPM

******************************

## സംസ്കാരം-കാനത്തിൽ ജമീല

അന്തരിച്ച കൊയിലാണ്ടി എംഎൽഎ കാനത്തിൽ ജമീലയുടെ സംസ്കാരം നാളെ. സിപിഎം ജില്ലാ കമ്മിറ്റി ഓഫീസിലും കൊയിലാണ്ടി ടൗൺ ഹാളിലും മൃതദേഹം പൊതുദർശനത്തിന് വെക്കും. കബറടക്കം വൈകിട്ട് കുനിയിൽക്കടവ് ജുമാ മസ്ജിദ് കബർസ്ഥാനിൽ നടക്കും.

*****************************

## ശബരിമല (ഇൻട്രോ)

ശബരിമലയിൽ മണ്ഡല - മകരവിളക്ക് തീർഥാടനത്തിന്റെ ആദ്യ 15 ദിവസം ദേവസ്വം ബോർഡിനു ലഭിച്ച വരുമാനം 92 കോടിരൂപ. ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത് അരവണ വിൽപനയിലൂടെയാണ്. 13 ലക്ഷത്തിലധികം തീർഥാടകരാണ് ഇതുവരെ ദർശനം നടത്തിയത്. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**

**(വോയ്സ്)**

*****************************

## ശബരിമല - സദ്യ

ശബരിമലയിൽ അന്നദാനത്തിന് സദ്യ നൽകുന്നത് സംബന്ധിച്ച് ഈ മാസം അഞ്ചിന് ചേരുന്ന യോഗത്തിന് ശേഷം തീരുമാനിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ. നാളെ മുതൽ സദ്യ നൽകി തുടങ്ങാനായിരുന്നു തീരുമാനം.

*****************************

## കടുവ സെൻസെക്സ് (ഇൻട്രോ)

വയനാട്ടിൽ കടുവ സെൻസസിന് തുടക്കമായി. - വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയും

PNU TVPM

ചേർന്നാണ് നോർത്ത് വയനാട് ഡിവിഷനെ 23 ബ്ലോക്കുകളായി തിരിച്ച് സെൻസസ് നടത്തുന്നത് .

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാപ്രതിനിധി അരുൺ വിൻസെന്റ്.....**

**(വോയ്സ്)**

*****************************************************************************************************************************

RNU TVPM